# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2386 07.02.2019 -ൽ മറുപടിക്ക്

## ചെറുകിട വ്യവസായ മേഖലക്കുണ്ടായ നഷ്ടം കണക്കാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽ ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായ നഷ്ടം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ)<br>&<br>ബി) | ഉണ്ട്. പ്രളയത്തിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ വിവരങ്ങൾ മൊബൈൽ ആപ്ളിക്കേഷൻ സർവ്വേ മുഖാന്തിരം വ്യവസായ വകുപ്പ് 31.12.2018-ൽ ശേഖരിച്ച കണക്ക് പ്രകാരം 4992 MSME യൂണിറ്റുകൾക്കും ( 1355.19 കോടി രൂപ), 14271 ഷോപ്പുകൾക്കും (489.54 കോടി രൂപ) കൂടി ആകെ 1844.73 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്<br>പ്രളയത്തിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ 17.12.2018-ലെ സ.ഉ(കൈ) 27/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി ' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം അപേക്ഷകൾ അതാത് ബാങ്കുകളിലാണ് സമർപ്പിക്കേണ്ടത്, ബാങ്കുകളാണ് വായ്പ അനുവദിക്കുന്നത്.<br>അർഹത:-<br>• Term loan-വായ്പയുടെ 25%, പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.<br>• Working Capital Loan-വായ്പയുടെ 25%, പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.<br>• Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.<br>ഈ സർക്കാർ ഉത്തരവിന് മുൻപായി 2018 -ലെ പ്രളയത്തിലെ നഷ്ടത്തിന് പുനഃരാരംഭ വായ്പ എടുത്തിട്ടുള്ള മേൽവിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും . |
| ബി) | അതിൻപ്രകാരം ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും എന്നു മുതൽ തുക നൽകുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ